# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -215** **06.11.2019-ലെ മറുപടി**

## ജലവിതരണ പദ്ധതികളുടെ പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ .വി. കെ. സി. മമ്മത് കോയ<br>ശ്രീ .പി.കെ. ശശി<br>ശ്രീ. ഡി.കെ. മുരളി | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | വാട്ടർ അതോറിറ്റിയുടെ റവന്യൂ വിടവ് നികത്തുകയെന്ന ലക്ഷ്യത്തോടെ, ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന കുടിവെള്ളത്തിലെ പകുതിയോളം ബില്ല് ചെയ്യപ്പെടാതെ പോകുന്ന നിലവിലെ സ്ഥിതി പരിഹരിക്കാൻ പദ്ധതിയുണ്ടോ; ഇതിന് പുതിയ സാങ്കേതികവിദ്യ നടപ്പിലാക്കുന്നുണ്ടോ എന്നറിയിക്കാമോ; | എ) | കേരള വാട്ടർ അതോറിറ്റി വിതരണത്തിന് ലഭ്യമാക്കുന്ന ജലത്തിന്റെ ഏകദേശം 40-45% വരുമാനരഹിത ജലമായാണ് കണക്കാക്കുന്നത്. ആകെ വിതരണത്തിന് ലഭ്യമാക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖല വഴി ഉപഭോക്താവിന്റെ പക്കലെത്തി മീറ്ററിൽ കൂടി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസമാണ് വരുമാന രഹിത ജലമായി കണക്കാക്കുന്നത്. ഇതു പ്രധാനമായും രണ്ടു രീതിയിലാണ് സംഭവിക്കുന്നത്. - പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം), മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമൂലം കണക്കാക്കപ്പെടുന്ന നഷ്ടവും (വാണിജ്യ നഷ്ടം).<br>ആകെയുള്ള വരുമാനരഹിത ജലത്തിൽ, 20-25% മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നത്. ഭൗതിക നഷ്ടം കൂടുതലായി സംഭവിക്കുന്നത് വിതരണ ശൃംഖലയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ഉപഭോക്താക്കളുടെ സർവ്വീസ് കണക്ഷനുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ആണ്. പ്രധാന ലൈനുകളിലും ഉപലൈനുകളിലും പ്രത്യക്ഷത്തിൽ കാണാത്ത ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ആൻഡ് സർവെലൻസ് സ്ക്വാഡുകൾ കേരള വാട്ടർ അതോറിറ്റിയിൽ പ്രധാനപ്പെട്ട നഗരങ്ങളിൽ നിലവിലുണ്ട്. ഇല്ലാത്ത സ്ഥലങ്ങളിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി സ്റ്റേറ്റ് പ്ലാൻ 2017-18 ൽ ഭരണാനുമതി നല്കിയിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ പുതിയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ (ഗ്രൗണ്ട് മൈക്രോഫോൺ) ഉപയോഗിച്ച് ചോർച്ച കണ്ടെത്തുന്നു. പ്രധാന ലൈനുകളിൽ സംശയിക്കപ്പെടുന്ന ലീക്കുകൾ തീർച്ചപ്പെടുത്തുന്നതിന് ഫ്ലോ മീറ്ററുകൾ ഉപയോഗിച്ചുള്ള അളക്കലുകളും സാഹചര്യമനുസരിച്ച് ഉപയോഗപ്പെടുത്താറുണ്ട്. കൂടാതെ പൊതുജനങ്ങളിൽ |

| | | | |
|---|---|---|---|
| | | | നിന്നോ നേരിട്ടോ ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ലീക്കുകൾ എത്രയും പെട്ടെന്നു പരിഹരിക്കുന്നുണ്ട്.<br>പൈപ്പുകളുടെ കാലപ്പഴക്കം മൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ (പ്രത്യേകിച്ച് എ.സി പൈപ്പുകളും പ്രിമോ പൈപ്പുകളും) വിവിധ ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>വാണിജ്യ നഷ്ടം പ്രധാനമായും ഉണ്ടാകുന്നത് മീറ്ററിന്റെ തകരാറ് അല്ലെങ്കിൽ ശരിയായ ഉപയോഗം രേഖപ്പെടുത്താൻ കഴിയാത്തത്, ജലമോഷണം, ബില്ലിംങ്ങിൽ വരുന്ന അപാകതകൾ എന്നിവ കാരണമാണ്.<br>ജലമോഷണം തടയുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് രാത്രികാലങ്ങളിലുൾപ്പടെ പരിശോധന നടത്തുകയും മീറ്റർ ചെയ്യപ്പെടാതെ വെള്ളം ഉപയോഗിക്കുന്നവരെയും അനധികൃത കണക്ഷനുകൾ ഉള്ളവരെയും കണ്ടെത്തുകയും നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.<br>അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടു ഘട്ടങ്ങളിലായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി ദക്ഷിണ മേഖലയുടെ കീഴിൽ നടന്നു വരുന്നു. ഒന്നാം ഘട്ടം പ്രവൃത്തികൾ 50% പൂർത്തീകരിച്ചു ഇന്റർ ലിങ്കിംഗ് സോഫ്റ്റ് വെയറിന്റെ പ്രവൃത്തികൾ ആണ് ഒന്നാം ഘട്ടത്തിൽ ഇനി പൂർത്തിയാകാനുള്ളത്. നെടുമങ്ങാട് അർബൻ വാട്ടർ സപ്ലൈ സ്കീമിൽ ജലവിതരണ ശൃംഖല മേഖലകളായി തിരിച്ച്, സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനോടൊപ്പം, നിലവിൽ ബില്ലിംഗിനുപയോഗിക്കുന്ന സോഫ്റ്റ് വെയർ പരിഷ്കരിക്കാനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു.<br>ഭൗതികനഷ്ടവും, വാണിജ്യനഷ്ടവും കുറച്ച് വരുമാനരഹിത ജലത്തിന്റെ അളവ് 20% എന്നതിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ എ.ഡി.ബി.യുടെ ധനസഹായത്തിൽ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ തത്ത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഏകദേശം 2500 കോടി രൂപയാണ് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന അടങ്കൽ തുക. താഴെപ്പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.<br>1. ഉല്പാദന ഘടകങ്ങളിൽ ആവശ്യമായ പുന:രുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.<br>2. കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.<br>3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.ഏ. (ഡിസ്ട്രിക്ട് മീറ്ററിംഗ് ഏരിയ) സ്ഥാപിക്കുക. (ഇതുവഴി ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച കൃത്യമായി മനസിലാക്കാൻ കഴിയുന്നതും തദ്വാര പരിഹാര നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതുമാണ്. പദ്ധതി പൂർത്തിയാകുമ്പോൾ, നിലവിലെ ജലചോർച്ച ദേശീയ |

| | | | |
|---|---|---|---|
| | | | ബെഞ്ച് മാർക്ക് നിലവാരമായ 20%-ൽ പദ്ധതി മേഖലയിൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.<br>4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോ മീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.<br>5. സ്കാഡ് (സൂപ്പർവൈസറി കൺട്രോൾ ആൻഡ് ഡാറ്റാ അക്വിസിഷൻ) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.<br>6. പഴയതും ചോർച്ചയുള്ളതും ആയ സർവ്വീസ് കണക്ഷനുകൾ പുന:രുദ്ധരിക്കുക.<br>7. കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക. ബൾക്ക് കൺസ്യൂമേഴ്സിന് ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.<br>8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി. ഐ. എസ്. (Geographical Information System) മാപ്പ് തയ്യാറാക്കുക.<br>9. ഐ. ടി. (Information Technology) അധിഷ്ഠിത എം. ഐ. എസ്.(Management Information System) ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.<br>24 X 7 പദ്ധതി ഏഴ് വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) | കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | ബി) | ഉണ്ട്. പൈപ്പുകളുടെ കാലപ്പഴക്കം മൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ എന്നിവയിൽ ഉൾപ്പെടുത്തി വിവിധ പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ-ഡ) പ്രൊപ്പോസലുകൾക്ക് കിഫ്ബിയിൽ നിന്നും 382.64 കോടി രൂപയുടെ ധനസഹായ അനുമതി ലഭിച്ചിട്ടുണ്ട്. മേല്പറഞ്ഞ 10 സർക്കിളുകളിലെ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 143.45 കോടി രൂപയുടെ പ്രവർത്തികളും വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. കൂടാതെ 2019-20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 91 പ്രവർത്തികൾക്ക് 6652.54 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. |
| സി) | കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജലവിതരണ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ? | സി) | കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക കോടിയിൽ | പാക്കേജുകളുടെ എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 15 | കരുമാളൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി | 37.485 | 1 | സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 16 | എലവഞ്ചേരി- പല്ലശ്ശന സമഗ്ര കുടിവെള്ള പദ്ധതി | 17.58 | 1 | പദ്ധതിയുടെ പ്രവർത്തികളുടെ എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടുണ്ട്. |
| 17 | കരിമ്പ, കോങ്ങാട് പഞ്ചായത്തുകളിലെക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 28.3 | 2 | ഒന്നാമത്തെ പാക്കേജിന്റെ പ്രവർത്തികളുടെ എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടുണ്ട്.<br>രണ്ടാമത്തെ പാക്കേജിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 18 | ഫറൂക്ക് കരുവൻതുരുത്തി കുടിവെള്ള പദ്ധതി | 18.64 | 1 | പദ്ധതിയുടെ പ്രവർത്തികൾക്ക് എഗ്രിമെന്റ് ഒപ്പ് വെച്ചു. |
| 19 | വണ്ടാഴി, കിഴക്കഞ്ചേരി- വടക്കഞ്ചേരി- കണ്ണമ്പ്ര പഞ്ചായത്തുകളിലലേക്കുള്ളസമഗ്ര ശുദ്ധജല വിതരണ പദ്ധതി- രണ്ടാം ഘട്ടം | 69.54 | 3 | ഒന്നാമത്തെ പാക്കേജിന് പുതുക്കിയ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>രണ്ടും മൂന്നും പാക്കേജുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 20 | മലമ്പുഴയിലെ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായുള്ള കുടിവെള്ള പദ്ധതി | 64.14 | 3 | ഒന്നാമത്തെ പാക്കേജ് ടെണ്ടർ ചെയ്തു.<br>രണ്ടും മൂന്നും പാക്കേജുകൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 21 | അങ്കമാലി കുടിവെള്ള വിതരണ പദ്ധതിയുടെ ദീർഘിപ്പിക്കൽ | 115.93 | 2 | ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| 22 | കണ്ണൂർ ജില്ലയിലെ പേരാവൂർ, മുഴക്കുന്ന്, പായം,അച്ചന്കു,ന്ന് എന്നിവിടങ്ങളിലേക്കുള്ള ജലവിതരണ പദ്ധതി- ഒന്നാം ഘട്ടം | 76.01 | 3 | ഒന്നാമത്തെ പാക്കേജിലെ ഘടകങ്ങൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.<br>രണ്ടും മൂന്നും പാക്കേജുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 23 | ആലാ-പുലിയൂർ, ബുധനൂർ,പാണ്ടനാട് ,മുളക്കുഴ,വെണ്മണി പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയ്ക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 199.13 | 4 | നാല് പാക്കേജുകൾക്കും സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 24 | മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതി | 72.58 | 2 | ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടറിന് അംഗീകാരം നൽകുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>രണ്ടാമത്തെ പാക്കേജിന് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 25 | ഏറ്റുമാനൂർ കുടിവെള്ള പദ്ധതി | 93.225 | 6 | ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| 26 | കരിമ്പുകയം കുടിവെള്ള പദ്ധതി | 68.64 | 6 | ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| 27 | കിഴക്കൻ മല ജലവിതരണ പദ്ധതി | 43.09 | 1 | സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| 28 | കുട്ടനാട് കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം | 289.54 | 7 | ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| 29 | കഞ്ഞിമംഗലം, ചെറുതാഴം, ഏഴിമല നേവൽ അക്കാഡമി എന്നിവിടങ്ങളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി- ഒന്നാം ഘട്ടം | 56.89 | 1 | പദ്ധതിയുടെ പ്രവർത്തികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| 30 | എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി | 28.82 | 2 | ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| 31 | പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, വടകരപ്പതി, എരുത്തേമ്പതി പഞ്ചായത്തുകളിലെക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 23.77 | 1 | പദ്ധതിയുടെ പ്രവർത്തികൾക്ക് എഗ്രിമെന്റ് ഒപ്പ് വെച്ചു. |
| 32 | പാലക്കാട് ജില്ലയിലെ പെരുമാട്ടി, പട്ടഞ്ചേരി, എലപ്പുള്ളി, നല്ലേപ്പുള്ളി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി-രണ്ടാം ഘട്ടം | 25.99 | 2 | ഒന്നാമത്തെ പാക്കേജിന്റെ പ്രവർത്തികളുടെ എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടുണ്ട്.<br>രണ്ടാമത്തെ പാക്കേജിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു, |
| 33 | ഒറ്റപ്പാലം താലൂക്കിലെ അമ്പലപ്പാറ പഞ്ചായത്തുകളിലേ ക്കുള്ള കുടിവെള്ള പദ്ധതി – രണ്ടാം ഘട്ടം | 11.14 | 1 | പ്രവർത്തികളുടെ എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടുണ്ട്. |

| അനുബന്ധം | | | | |
|---|---|---|---|---|
| കിഫ്ബി 2016-17 പദ്ധതികൾ | | | | |
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക കോടിയിൽ | പാക്കേജുകളുടെ എണ്ണം | നിലവിലെ സ്ഥിതി |
| 1 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും, വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 35 | 2 | പദ്ധതി പൂർത്തീകരിച്ചു |
| 2 | തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 58 | 4 | രണ്ടാമത്തെ പാക്കേജിന്റെ പ്രവർത്തികൾ 87 % പൂർത്തീകരിച്ചു. മൂന്നാമത്തെ പാക്കേജ് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് നാലാമത്തെ പാക്കേജ് ടെണ്ടർ ചെയ്യുന്നതാണ്. |
| 3 | കൊല്ലം കോർപ്പറേഷൻ- രണ്ടാംഘട്ടം കുടിവെള്ള പദ്ധതി വിപുലീകരണം | 235 | 5 | ഒന്നാമത്തെ പാക്കേജിന്റെ പ്രവർത്തികൾ 78% പൂർത്തീകരിച്ചു. രണ്ടാമത്തെ പാക്കേജിന്റ്റെ പ്രവർത്തികൾ (17%) പൂർത്തീകരിച്ചു. മൂന്നാമത്തെ പാക്കേജിനു എഗ്രീമെൻറ് ഒപ്പുവെച്ചു. നാലാം പാക്കേജ് നു വേണ്ട ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ചു വരികയാണ് ഒന്നു മുതൽ നാല് വരെയുള്ള പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്നതനുസരിച്ച് അഞ്ചാം പാക്കേജ് ടെണ്ടർ വിളിക്കുന്നതാണ്. |
| 4 | കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി- ഒന്നാം ഘട്ടം | 76 | 4 | ഒന്നാം പാക്കേജിന്റെ പ്രവർത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. രണ്ടാം പാക്കേജിന്റെയും(81%) മൂന്നാം പാക്കേജിന്റെയും (82%) പ്രവത്തികൾ പുരോഗമിച്ചു വരികയാണ്. നാലാമത്തെ പാക്കേജിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു |
| 5 | പൊന്നാനിയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി | 74.4 | 3 | ഒന്നാമത്തെ പാക്കേജിന്റെ പ്രവർത്തികൾ 25% പൂർത്തീകരിച്ചു. രണ്ടാമത്തെ പാക്കേജിന്റെ പ്രവൃത്തികൾ 90% പൂർത്തിയായി മൂന്നാം പാക്കേജിന്റെ പ്രവർത്തികൾ ടെണ്ടർ ചെയ്തുകഴിഞ്ഞു. |
| 6 | കൊയിലാണ്ടി മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 85 | 4 | ഒന്നാമത്തെ പാക്കേജിന്റെ പ്രവർത്തികൾ (72%) പൂർത്തിയായി രണ്ടാമത്തെ പാക്കേജിന്റെ പ്രവർത്തികൾ (79%) പൂർത്തിയായി മൂന്നാം പാക്കേജിന്റെ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. (38%) നാലാമത്തെ പാക്കേജിൻൽ ഉൾപ്പെട്ട ജലസംഭരണികൽക്കുള്ള ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 7 | തൊടുപുഴ മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 34 | 2 | ഒന്നാം പാക്കേജിന്റെ പ്രവർത്തികൾ 72% പൂർത്തിയായി രണ്ടാമത്തെ രണ്ടാമത്തെ പാക്കേജിന്റെ പ്രവർത്തികൾ 80% പൂർത്തിയായി |
| 8 | കോട്ടയം മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 50 | 2 | ഒന്നാമത്തെ പാക്കേജിന്റെ പ്രവർത്തികൾ പുരോഗമിച്ചു വരികയാണ്. (30% ) രണ്ടാമത്തെ പാക്കേജിന്റെ പ്രവർത്തികൾ ടെണ്ടർ ചെയ്തു. |
| 9 | തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം | 185 | 4 | ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക കോടിയിൽ | പാക്കേജുകളുടെ എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 10 | മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 76.6 | 4 | ഒന്നാമത്തെ പാക്കേജിന്റെ പ്രവർത്തികൾ 75% പൂർത്തീകരിച്ചു. രണ്ടാമത്തെ പാക്കേജിന്റെ പ്രവർത്തികൾ 79% പൂർത്തീകരിച്ചു. മൂന്നാമത്തെ പാക്കേജിന്റെ പ്രവർത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.(95%) നാലാമത്തെ പാക്കേജിന്റെക ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് ടി പാക്കേജിന്റെന ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| 11 | ധർമ്മടം കുടിവെള്ള പദ്ധതി വിപുലീകരണം | 16.5 | 1 | പദ്ധതി പൂർത്തീകരിച്ചു |
| 12 | കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി – വിതരണശൃംഖല മെച്ചപ്പെടുത്തൽ | 12 | 1 | പദ്ധതി പൂർത്തീകരിച്ചു |
| 13 | മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ | 18 | 1 | പദ്ധതി പൂർത്തീകരിച്ചു |
| 14 | തിരുവാലിയും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണശൃംഖല വിപുലീകരണം -ഘട്ടം I & II- തിരുവാലി, വണ്ടൂർ - ഒന്നാം ഭാഗം | 22.2 | 1 | പദ്ധതി പ്രവർത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.(95%) |
| 15 | നെന്മാറയും സമീപ പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം -ഘട്ടം-II | 24.5 | 3 | ഒന്നാമത്തെ പാക്കേജിന്റെ പ്രവർത്തികൾ 60% പൂർത്തീകരിച്ചു. രണ്ടാമത്തെ പാക്കേജിന്റെ പ്രവർത്തികൾ 50% പൂർത്തീകരിച്ചു. മൂന്നാമത്തെ പാക്കേജിന്റെ പ്രവർത്തികൾക്കുള്ള വർക് ഓർഡർ നല്കിയിട്ടുണ്ട്. |
| 16 | കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ | 12 | 1 | പദ്ധതി പ്രവർത്തനങ്ങൾ 92% പൂർത്തീകരിച്ചു. |
| 17 | വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ | 16.5 | 1 | പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു (41%) |
| 18 | പെരുനാട്-അത്തിക്കയം വില്ലേജുകളുടെ വിതരണശൃംഖല മെച്ചപ്പെടുത്തൽ ഘട്ടം-2 | 41.4 | 3 | ഒന്നാമത്തെ പാക്കേജിന്റെ പ്രവർത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. രണ്ടാമത്തെ പാക്കേജിന്റെ പ്രവർത്തികൾക്കുള്ള വർക് ഓർഡർ നല്കിയിട്ടുണ്ട്. മൂന്നാമത്തെ പാക്കേജിന്റെ വർക്കുകൾ ഒന്നാം ഘട്ടത്തിന്റെ പ്രവർത്തികൾ പൂർത്തീകരിച്ച ശേഷം ആരംഭിക്കും. |
| 19 | ചീക്കോട് കുടി വെള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള രാമനാട്ടുകര കുടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ | 26 | 2 | ഒന്നാമത്തെ പാക്കേജ് 85% പൂർത്തീകരിച്ചു. രണ്ടാമത്തെ പാക്കേജ് 90% പൂർത്തീകരിച്ചു. |
| 20 | കല്ലുവാതു ക്കൽ-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാംഘട്ടം | 27 | 5 | ഒന്നും രണ്ടും പാക്കേജുകളുടെ പ്രവർത്തികൾ റീ-ടെണ്ടർ ചെയ്തു. പാക്കേജ് മൂന്നിന്റെ പ്രവർത്തന കരാർ വിളിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പിൽ തയാറാക്കിവരികയാണ്. നാലാം പാക്കേജിന്റെ പ്രവർത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു.. അഞ്ചാം പാക്കേജിന്റെ പുതുക്കിയ എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പിൽ തയാറാക്കിവരികയാണ്. |
| 21 | അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഘട്ടം -1 | 10 | 1 | പദ്ധതി പൂർത്തീകരിച്ചു |
| 22 | തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി | 22 | 1 | പദ്ധതി പ്രവർത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.(97%) |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക കോടിയിൽ | പാക്കേജുകളുടെ എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 34 | ചാത്തന്നൂർ ജലവിതരണ പദ്ധതി | 60 | 7 | അഞ്ചാമത്തെ പാക്കേജിന്റെ പ്രവർത്തികൾക്ക് എഗ്രിമെൻറ് ഒപ്പ് വെച്ചു. ശേഷിക്കുന്ന പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 35 | മുദാക്കൽ പഞ്ചായത്തിലെ ജലവിതരണ പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾ | പദ്ധതി അംഗീകാരത്തിനായി റീ-ഡിസൈൻ ചെയ്തു വരികയാണ്. | | |
| 36 | പുറമറ്റം, കല്ലുപ്പാറ,എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, തോട്ടപുഴശ്ശേരി , കോയിപ്പുറം, പഞ്ചായത്തുകളിലെക്കുള്ള ജലവിതരണ പദ്ധതി | പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ് | | |
| ആകെ തുക | | 2391.405 | | |

കിഫ്ബി 2018-19 പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | കിഫ്ബി ഭരണാനുമതി തുക (കോടിയി | പാക്കേജുകളുടെ എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ആലപ്പുഴ മുനിസിപ്പാലിറ്റിക്ക വേണ്ടിയുള്ള കടിവെള്ള പദ്ധതിയുടെ വിപുലീകരണം-ശേഷിക്കുന്ന പ്രവർത്തികൾ | 211.709 | 3 | എല്ലാ പാക്കേജുകളുടെയും സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച വരുന്നു. |
| 2 | കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക വേണ്ടിയുള്ള കടിവെള്ള പദ്ധതിയുടെ വിപുലീകരണം | 108.698 | 5 | എല്ലാ പാക്കേജുകളുടെയും സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച വരുന്നു. |
| ആകെ തുക | | 320.407 | | |

Renuka Sankar
സെക്ഷൻ ഓഫീസർ